# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2678 14.02.2013-ൽ മറുപടിക്ക്**

**ജലസുരക്ഷാ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.എ.ടി. ജോർജ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.എ. മാധവൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജലസുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | ജല സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ജലസമ്പത്ത് സംരക്ഷിച്ച് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക<br>2. നീർത്തടാടിസ്ഥാനത്തിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.<br>3.ജലത്തിന്റെ സുരക്ഷിതത്വം / ഗുണനിലവാരം ഉറപ്പുവരുത്തുക.<br>4. ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപോഷണവും ഉറപ്പുവരുത്തുക. |
| (ബി) | സംസ്ഥാനത്തെ കടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ കടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം ജനപങ്കാളിത്തത്തോടെ ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന സമീപനമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.<br>1. വാർഡ് /പഞ്ചായത്ത് / നിയോജക മണ്ഡലാടിസ്ഥാനത്തിൽ ജലസ്രോതസ്സുകളുടെ പൂർണ്ണരൂപത്തിലുള്ള സ്ഥിതി വിവരങ്ങൾ നീർത്തടാടിസ്ഥാനത്തിൽ സമാഹരിക്കുക<br>2. മണ്ഡലാതിർത്തിക്കുള്ളിലുള്ള ജല സ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ, |

അരുവികൾ, തടാകങ്ങൾ, പുഴകൾ തുടങ്ങിയവയെ ശാസ്ത്രീയമായി സംരക്ഷിക്കു ന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

3. സ്രോതസ്സുകളുടെ സുസ്ഥിരതയ്ക്കു വേണ്ടിയുള്ള ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ ഏറ്റെടുക്കുക, മണ്ണ്, വന സംരക്ഷണ പരിപാടികൾ നടപ്പിലാക്കുക.
4. നിർജ്ജീവാവസ്ഥയിലുള്ളതും അത്തരം അവസ്ഥയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന തുമായ സ്രോതസ്സുകളെ പുനരുജ്ജീവി പ്പിക്കുക, സ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുക.
5. മഴവെള്ള സംഭരണം, ഭൂജല പരിപോഷണം തുടങ്ങിയവയെ സംബന്ധിച്ച് ബോധ വത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
6. ജലവിഭവുമായി ബന്ധപ്പെട്ട എല്ലാവിധ തുടർ നടത്തിപ്പുകൾക്കും വേണ്ടി മണ്ഡലാടി സ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം.
7. കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപന ങ്ങൾ, സന്നദ്ധ സംഘടനകൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ആശയപരവും സാമ്പത്തികപരവുമായ സഹായങ്ങൾ സമാഹരിച്ച് ജലസുരക്ഷ ഉറപ്പാക്കുക.

| | |
|---|---|
| (സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശി - ക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) ജലസേചന വകുപ്പിൻ കീഴിൽ ജല സുരക്ഷാ പദ്ധതിയിൽ പ്പെടുത്തി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ